REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-07-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ജാപ്പനീസ് പ്രധാനമന്ത്രി സനേ തകൈച്ചിയുമായി ഉച്ചകോടി തല ചർച്ച നടത്തും.**
- **വിശദമായ കൂടിയാലോചനകൾ പൂർത്തിയാകുന്നതുവരെ ഇന്ത്യയിൽ വാട്സാപ്പ് യൂസർനെയിം സവിശേഷത പുറത്തിറക്കരുതെന്ന് മെറ്റയ്ക്ക് നിർദേശം നൽകി കേന്ദ്രം.**
- **ഗവൺമെന്റ് ആശുപത്രികളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുമെന്നും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുമെന്നും മന്ത്രി K.മുരളീധരൻ.**
- **സംസ്ഥാനത്ത് ഇന്ന് മഴയുടെ ശക്തി കുറയുമെന്ന് കാലാവസ്ഥാ വകുപ്പ്.**
- **ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ടും ബെൽജിയവും പ്രീക്വാർട്ടറിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ജാപ്പനീസ് പ്രധാനമന്ത്രി സനേ തകൈച്ചിയുമായി ഉച്ചകോടി തല ചർച്ചകൾ നടത്തും. ഉഭയകക്ഷി സഹകരണത്തിന്റെ മുഴുവൻ മേഖലകളും അവലോകനം ചെയ്യാനും ശക്തിപ്പെടുത്താനും പരസ്പര താൽപ്പര്യ പ്രാദേശിക, ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറാനും ഉച്ചകോടി അവസരം നൽകും. ചർച്ചകൾക്ക് ശേഷം ഇരു നേതാക്കളും നിരവധി ധാരണാപത്രങ്ങൾ കൈമാറുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന്  ജപ്പാൻ പ്രധാനമന്ത്രി ഇന്നലെ വൈകുന്നേരം ന്യൂഡൽഹിയിലെത്തി. ജാപ്പനീസ് പ്രധാനമന്ത്രി തകൈച്ചിയുടെ ആദ്യ ഔദ്യോഗിക ഇന്ത്യാ സന്ദർശനമാണിത്. ഇന്ത്യയും ജപ്പാനും തമ്മിൽ തന്ത്രപരവും ആഗോളവുമായ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിൽ സന്ദർശനം പ്രധാന ചുവടു വയ്പ്പാണെന്ന് വിദേശകാര്യ മന്ത്രാലയം പറഞ്ഞു.

✪✪✪

നിയമപരമായ ചലനാത്മകത ശക്തിപ്പെടുത്തുന്നതിലും ചൂഷണങ്ങൾ ഇല്ലാതാക്കുന്നതിലും  ആഗോള സമൂഹത്തിന് കൂട്ടായ ഉത്തരവാദിത്തമുണ്ടെന്ന് കേന്ദ്ര മന്ത്രി ഡോ. S ജയ്ശങ്കർ പറഞ്ഞു. വിദേശകാര്യ മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദ്വിദിന ഹ്യൂമൻ റിസോഴ്സ് മൊബിലിറ്റി ഫോറം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഡെൻമാർക്ക്, ജർമ്മനി, ഇറ്റലി, ജപ്പാൻ, റഷ്യ എന്നീ രാജ്യങ്ങൾ  സെഷനിൽ ഇന്ത്യയുമായി മൊബിലിറ്റി സംബന്ധിച്ച് പ്രത്യേക ധാരണാപത്രത്തിൽ ഒപ്പുവച്ചു.

✪✪✪

വിശദമായ കൂടിയാലോചനകൾ പൂർത്തിയാകുന്നതുവരെ ഇന്ത്യയിൽ വാട്സാപ്പ് യൂസർനെയിം സവിശേഷത പുറത്തിറക്കരുതെന്ന് കേന്ദ്രം മെറ്റയ്ക്ക് നിർദേശം നൽകി. മൂന്ന് ദിവസത്തിനകം യൂസർനെയിം സവിശേഷതയെക്കുറിച്ച് വിശദീകരണം നൽകണമെന്നും വാർത്താവിനിമയ പ്രക്ഷേപണ മന്ത്രാലയം മെറ്റയോട് ആവശ്യപ്പെട്ടു.

ഓൺലൈൻ തട്ടിപ്പുകൾ,  ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ, ആൾമാറാട്ടം എന്നിവ വർധിക്കാൻ ഈ സവിശേഷത കാരണമാകുമെന്ന് ആശങ്കയുണ്ടെന്നും അധികൃതർ അറിയിച്ചു.

✪✪✪

വിദേശ കാര്യ സെക്രട്ടറി വിക്രം മിസ്രിയുടെ സർവീസ് കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടിനൽകി. പ്രധാനമന്ത്രി നരേന്ദ്രമോദി അധ്യക്ഷനായ നിയമന സമിതിയാണ് അടുത്ത വർഷം ജൂലൈ 14 വരെ കാലാവധി നീട്ടിയത്. 1989 ബാച്ച് IFS ഉദ്യോഗസ്ഥനായ മിസ്രി 2024ലാണ് വിദേശ കാര്യ സെക്രട്ടറി ആയി ചുമതല ഏറ്റത്.

✪✪✪

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ ആശുപത്രികളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുമെന്നും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുമെന്നും മന്ത്രി K.മുരളീധരൻ പറഞ്ഞു. ചെറിയ ചികിത്സാ

പിഴവുപോലും ഉണ്ടാകാതിരിക്കാൻ ഡോക്ടർമാർ ജാഗ്രത കാണിക്കണമെന്നും മന്ത്രി അറിയിച്ചു. ഗവൺമെന്റ് മേഖലയിലെ മോഡേൺ മെഡിസിൻ, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

താഴേതട്ടിൽ കൂടുതൽ സൈക്യാട്രിസ്റ്റുകളെയും ഫോറൻസിക് സർജൻമാരെയും നിയമിക്കുന്നത് ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും മന്ത്രി K.മുരളീധരൻ പറഞ്ഞു.

✪✪✪

സ്വന്തം കുടുംബ കാര്യങ്ങൾ പോലും മാറ്റി വെച്ച് ഡോക്ടർമാർ നടത്തുന്ന സേവനം സമൂഹത്തിന് വിലമതിക്കാൻ കഴിയാത്തതാണെന്ന് മന്ത്രി K. മുരളീധരൻ പറഞ്ഞു. തിരുവനന്തപുരത്ത് IMA സംസ്ഥാന ഘടകം സംഘടിപ്പിച്ച ഡോക്ടേഴ്സ് ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ ആരോഗ്യ രംഗത്തിന് മികച്ച സംഭാവന നൽകിയവരാണ് കേരളത്തിലെ ഡോക്ടർമാരെന്നും മന്ത്രി പറഞ്ഞു.

✪✪✪

KSRTC ഡിപ്പോകളുടെ സമഗ്ര വികസനവും ബസ്സുകളുടെ ശുചിത്വ പരിപാലനവും പൊതുജന പങ്കാളിത്തത്തോടെ ഉറപ്പുവരുത്താൻ ഡിപ്പോകളിൽ ട്രാൻസ്പോർട്ട് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കാൻ ഉത്തരവ് നൽകിയതായി മന്ത്രി CP ജോൺ അറിയിച്ചു. ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലത്തെ MLA-യുടെ അധ്യക്ഷതയിൽ ആയിരിക്കും ഈ കമ്മിറ്റി. ഡിപ്പോകളുടെ അടിസ്ഥാന സൗകര്യം, ശുചിത്വം, സേവനങ്ങൾ, കാന്റീൻ ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുക, ജനകീയ പങ്കാളിത്തവും തദ്ദേശ സഹകരണവും ഉറപ്പുവരുത്തുക, സ്പോൺസർഷിപ്പ്, CSR പൊതുജന സംഭാവനകൾ എന്നിവ വഴി അധിക വിഭവസമഹരണം നടത്തുക എന്നിവയാണ് കമ്മിറ്റിയുടെ ലക്ഷ്യം.

✪✪✪

രാജ്യത്തെ സാധാരണക്കാരെ സംബന്ധിച്ച് ടാക്സ് കൺസൾട്ടന്റുമാരുടെയും പ്രാക്ടീഷണർമാരുടെയും സേവനം നിർണായകമാണെന്ന് മന്ത്രി M ലിജു പറഞ്ഞു. ‘GST-യുടെ ഒമ്പത് വർഷങ്ങൾ: പ്രത്യാശയും പ്രതിബന്ധങ്ങളും’ എന്ന വിഷയത്തിൽ ടാക്സ് കൺസൾട്ടന്റ്സ് ആൻഡ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ കേരള സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ആരോഗ്യ - കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പാഠ്യപദ്ധതി, അദ്ധ്യാപക തസ്തിക, അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം, വിദ്യാർത്ഥികളുടെ ആരോഗ്യം എന്നിവയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസവകുപ്പ് നാലംഗ കമ്മറ്റി രൂപീകരിച്ചു. കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് V.സുനിൽകുമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ സഹിൽ കുമാർ, പൊതുവിദ്യാഭ്യാസ അഡീഷണൽ സെക്രട്ടറി അബ്ദുനാസർ പുലാത്ത്, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ CA സന്തോഷ് എന്നിവരാണ് കമ്മറ്റി അംഗങ്ങൾ. ആറു മാസത്തിനകം കമ്മറ്റി നിർദ്ദേശങ്ങൾ സമർപ്പിക്കണം.

✪✪✪

ഹെലികോപ്റ്റർ പ്രവർത്തനങ്ങൾക്കായി രാജ്യത്തെ ആദ്യത്തെ പ്രൈവറ്റ് പോയിന്റ്-ഇൻ-സ്പേസ് ഇൻസ്ട്രുമെന്റ് സംവിധാനത്തിന് അംഗീകാരം ലഭിച്ചു. ഉണ്ടവല്ലി ഹെലിപോർട്ടിലാണ് സംവിധാനം ഏർപ്പെടുത്തുന്നത്. പ്രതികൂല കാലാവസ്ഥയിലും ഗ്രൗണ്ട് അധിഷ്ഠിത നാവിഗേഷൻ സഹായങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിലും പിൻസ് പ്രയോജനകരമാണെന്ന് സിവിൽ ഏവിയേഷൻ മന്ത്രാലയം പറഞ്ഞു. എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ വികസിപ്പിച്ചെടുത്ത സംവിധാനം ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ അംഗീകരിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്ന് മഴയുടെ ശക്തി കുറയും. വടക്കൻ ജില്ലകളിൽ നാളെ ശക്തിയായ മഴ ലഭിക്കാനിടയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്ത് നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

............വോയ്സ്.........

കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ ഇന്നു മഴയുടെ ശക്തി കുറയുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ വിശകലനങ്ങൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ രണ്ടു ദിവസങ്ങളിലും ഓറഞ്ച് ജാഗ്രതയിലായിരുന്ന കണ്ണൂരും കാസർഗോഡും ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴ സൂചിപ്പിക്കുന്ന മഞ്ഞ ജാഗ്രതയുണ്ട്. ഇന്നലെ മഞ്ഞ ജാഗ്രതയുണ്ടായിരുന്ന കോഴിക്കോട് ഇന്നും മഞ്ഞ ജാഗ്രത തുടരും. അതേ സമയം എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ നാളെ ശക്തിയായ മഴ ലഭിക്കാൻ സാധ്യതയുണ്ട്.

✪✪✪

ലോകകപ്പ് ഫുട്ബോളിൽ ഇന്ന് പുലർച്ചെ വാഷിംഗ്ടണിലെ സിയാറ്റിൽ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ സെനഗലിനെ വീഴ്ത്തി ബെൽജിയം പ്രി ക്വാർട്ടറിൽ പ്രവേശിച്ചു. രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് ബെൽജിയം സെനഗലിനെ വീഴ്ത്തിയത്. ഇപ്പോൾ സാന്താക്ലാരയിൽ അമേരിക്ക, ബോസ്നിയ ഹെർസെഗോവിനയെ നേരിടുകയാണ്. മത്സരം ആദ്യപകുതി പിന്നിട്ടപ്പോൾ അമേരിക്ക ഒരു ഗോൾ നേടി മുന്നിലാണ്.

ഇന്നലെ റൗണ്ട് ഓഫ് 32 പോരാട്ടത്തിൽ ഡി ആർ കോംഗോയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്ത് ഇംഗ്ലണ്ടും പ്രി ക്വാർട്ടറിൽ പ്രവേശിച്ചു.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ...

<....Voice....>

✪✪✪

അഞ്ച് മത്സരങ്ങൾ അടങ്ങിയ ഇന്ത്യ - ഇംഗ്ലണ്ട് ട്വന്റി - 20 പരമ്പരയിൽ ചെസ്റ്റർ ലേ സ്റ്റീലീൽ നടന്ന ആദ്യ മത്സരം കനത്ത മഴയെത്തുടർന്ന് ഉപേക്ഷിച്ചു.

മത്സരത്തിൽ ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ഇന്ത്യ, നിശ്ചിത 20 ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 189 റൺസെടുത്തു. എന്നാൽ കനത്ത മഴ കാരണം ആതിഥേയരായ ഇംഗ്ലണ്ടിന് മറുപടി ബാറ്റിംഗിന് ഇറങ്ങാനായില്ല. തുടർന്ന് മത്സരം ഉപേക്ഷിക്കുകയായിരുന്നു.

പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇരു ടീമുകളും മറ്റന്നാൾ മാഞ്ചസ്റ്ററിൽ ഏറ്റുമുട്ടും.

✪✪✪

ഫിഫ ലോക കപ്പ് ആവേശത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ തിരുനാവായയിൽ മെസ്സിയും റൊണാൾഡോയും ഉൾപ്പെടെ താരങ്ങൾ ധരിച്ച ജേഴ്സികളും 48 ടീമുകളുടേയും നാണയങ്ങളും പ്രദർപ്പിച്ചു. ലോക കപ്പിന്റെ ഭാഗമായി പല കാലങ്ങളിൽ ഫിഫ പുറത്തിറക്കിയ വിവിധ ഉൽപ്പനങ്ങൾ, ലോകകപ്പ് കിരീടത്തിന്റെ വിവിധ മാതൃകകൾ എന്നിവയും പ്രദർശനത്തിലുണ്ടായിരുന്നു.

മുതിർന്ന ശാസ്ത്രജ്ഞൻ ഡോ.എം. ആർ രമേഷ് കുമാർ പ്രദർശനം ഉദ്ഘാടനം ചെയ്തു.

✪✪✪

കൊല്ലത്ത് നടന്ന സംസ്ഥാന ജൂനിയർ ഗേൾസ് ഹോക്കി ചാമ്പ്യൻഷിപ്പിൽ തിരുവനന്തപുരം ജേതാക്കളായി. ഫൈനലിൽ എറണാകുളത്തെ 2-1 പരാജയപ്പെടുത്തിയാണ് തിരുവനന്തപുരം ചാമ്പ്യനായത്. ജൂനിയർ ബോയ്സ് ചാമ്പ്യൻഷിപ്പ് ഇന്ന് ആരംഭിക്കും.

✪✪✪

ജലവിഭവ മന്ത്രാലയത്തിന്റെ പാർലമെന്ററി സമിതി കൊച്ചിയിൽ യോഗം ചേർന്നു. പെട്രോകെമിക്കൽ വ്യവസായങ്ങൾ സൃഷ്ടിക്കുന്ന ജലമലിനീകരണവും സുസ്ഥിര ജലലഭ്യത നേരിടുന്ന വെല്ലുവിളികളും യോഗം ചർച്ച ചെയ്തു. കേരള സന്ദർശനത്തിന്റെ ഭാഗമായി കമ്മിറ്റി ചെയർമാൻ രാജീവ് പ്രതാപ് റൂഡിയുടെ നേതൃത്വത്തിൽ കൊച്ചിയിലായിരുന്നു യോഗം.

✪✪✪

ശബരിമല സ്വർണ്ണ മോഷണക്കേസിൽ അന്വേഷണം പുരോഗമിക്കുന്ന സാഹചര്യത്തിൽ മുൻ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ വസതിയിലെത്തി കൂടിക്കാഴ്ച നടത്തിയത് ഗുരുതരമായ സംശയങ്ങൾക്ക് ഇടയാക്കുന്നുവെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ എം എൽ എ പറഞ്ഞു. ശബരിമല സ്വർണ്ണക്കൊള്ളയിൽ സിബിഐ അന്വേഷണം നടത്തുന്നതിൽ നിന്നും യുഡിഎഫ് ഗവൺമെന്റ് പിന്നോട്ട് പോയ പശ്ചാത്തലത്തിൽ ഇരുവരുടെയും കൂടിക്കാഴ്ച്ച കൂടുതൽ ദുരൂഹമാണെന്നും രാജീവ് ചന്ദ്രശേഖർ ആരോപിച്ചു.

✪✪✪

ഓപ്പറേഷൻ തൂഫാൻ പരിശോധനയിൽ 11 കിലോ കഞ്ചാവുമായി ഒഡീഷ സ്വദേശി പിടിയിൽ. കോഴിക്കോട്, രാമനാട്ടുകര, ഹൈലൈറ്റ് മാൾ, മാങ്കാവ് ഭാഗങ്ങളിൽ കഞ്ചാവ് മൊത്തവിൽപ്പന നടത്തിയ പ്രസൽ പ്രഥാൻ ആണ് പിടിയിലായത്.

✪✪✪

*News Editor ശ്രുതി എം*
*News Reader: അബ്ദുൾ കബീർ,*
*News Team: സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*